## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1346 — 14/06/2013-ൽ മറുപടിക്ക്

### ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം

**ചോദ്യം**

ശ്രീ. ജി.എസ്. ജയലാൽ

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംരക്ഷിത സ്മാരകങ്ങൾ സംരക്ഷിക്കുകയെന്നത് നയമായി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വിധമുള്ള സ്മാരകങ്ങളാണ് സംരക്ഷിത പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; | (എ) | ഉണ്ട്. 1968- ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് 1972-ലെ നിയമങ്ങൾ എന്നിവ പ്രകാരമാണ് ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നത്. ചരിത്ര-പരമായോ, പുരാവസ്തു ശാസ്ത്ര സംബന്ധമായോ, കലാശില്പ പരമായോ പ്രാധാന്യമേറിയതും, ഒരു ശതാബ്ദത്തിൽ കുറയാതെ പഴക്കമുള്ളതും, കേരളീയ വാസ്തു ശില്പ നിയമപ്രകാരം നിഷ്കർഷിക്കപ്പെട്ടതും, ശിലാലിഖിതങ്ങൾ, ചുവർ ചിത്രങ്ങൾ എന്നിവയാൽ അലംകൃതമായിട്ടുള്ള നിർമ്മിതികളെയാണ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളത്. ഇവയിൽ ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, ഗുഹാ ക്ഷേത്രങ്ങൾ മറ്റ് ആരാധനാലയങ്ങൾ എന്നിവ ഉൾപ്പെടുന്നുണ്ട് |
| (ബി) | മീനമ്പലത്ത് സ്ഥിതിചെയ്യുന്ന പൂർണ്ണമായും കല്ലിൽ നിർമ്മിച്ചിട്ടുള്ള വഴിയമ്പലം സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ ; | (ബി) | ഇല്ല |
| (സി) | പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ